# 14-ാം കേരള നിയമ സഭ

## 7-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1917** **14.08.2017-ൽ മറുപടിയ്ക്ക്**

**എം.ബി.ബി.എസ്., ബി.ഡി.എസ് പ്രവേശനത്തിന് ഏകീകൃത ഫീസ്**

**ചോദ്യം**

**ശ്രീ.വി.ഡി.സതീശൻ :**

(എ) എം.ബി.ബി.എസ്./ ബി.ഡി.എസ് പ്രവേശനത്തിന് കഴിഞ്ഞ വർഷത്തെ ഫീസ് ഘടനയിൽ എത്ര സ്വാശ്രയ മാനേജ്മെന്റുകൾ സർക്കാരുമായി കരാർ ഒപ്പ് വയ്ക്കുകയോ, സന്നദ്ധത പ്രകടിപ്പിക്കുകയോ ചെയ്തിട്ടുണ്ട്; ഏതൊക്കെ കോളേജുകളാണ്; വിശദമാക്കുമോ ;

**മറുപടി**

**ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**
**(ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)**

(എ) കഴിഞ്ഞ വർഷത്തെ ഫീസ് ഘടനയനുസരിച്ച് എം.ബി.ബി.എസ്/ ബി.ഡി.എസ് പ്രവേശനം നടത്തുവാൻ താഴെ പറയുന്ന 10 സ്വാശ്രയ മെഡിക്കൽ കോളേജുകൾ കരാർ ഒപ്പിടാൻ സന്നദ്ധത അറിയിച്ചിരുന്നു.

1. പരിയാരം മെഡിക്കൽ കോളേജ്
2. പരിയാരം ഡെന്റൽ കോളേജ്
3. എം.ഇ.എസ് പെരിന്തൽമണ്ണ
4. ഡോ. സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ മെഡിക്കൽ കോളേജ് കാരക്കോണം
5. അസീസിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്
6. ശ്രീ ഗോകുലം മെഡിക്കൽ കോളേജ് & റിസർച്ച് സെന്റർ
7. മലബാർ മെഡിക്കൽ കോളേജ്
8. പി.കെ.ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്,
9. ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജ്
10. കണ്ണൂർ മെഡിക്കൽ കോളേജ്

ഇതിൽ പരിയാരം മെഡിക്കൽ കോളേജ്, പരിയാരം ഡെന്റൽ കോളേജ്, എം.ഇ.എസ് പെരിന്തൽമണ്ണ, ഡോ. സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ മെഡിക്കൽ കോളേജ്, കാരക്കോണം എന്നിവയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | നാലുതരം ഫീസ് ഈടാക്കുവാൻ സമ്മതിച്ച 100 സീറ്റുള്ള ഒരു മെഡിക്കൽ കോളേജിന് പ്രതിവർഷം എത്ര കോടി രൂപയാണ് ഫീസിനത്തിൽ ലഭിക്കുന്നത് ; | (ബി) | പരിയാരം മെഡിക്കൽ കോളേജ് - 6,35,85,000/- രൂപ<br>മറ്റ് സ്വാശ്രയ മെഡിക്കൽ കോളേജുകൾ 6,90,00,000/- രൂപ |
| (സി) | അതുപ്രകാരം രാജേന്ദ്രബാബു കമ്മീഷൻ നിശ്ചയിച്ച ഏകീകൃത ഫീസ് നടപ്പിലാക്കായാൽ ലഭിക്കുന്നതിനേക്കാൾ കൂടുതൽ തുക പ്രസ്തുത മാനേജ്മെന്റുകൾക്ക് ലഭിക്കുകയില്ലേ; | (സി) | പരിയാരം ഒഴികെ മറ്റ് മാനേജ്മെന്റുകൾക്ക് കൂടുതൽ തുക ലഭിക്കും. |
| (ഡി) | ഏകീകൃത ഫീസ് നടപ്പിലാക്കുന്നതിനെതിരെ സ്വാശ്രയ മാനേജ്മെന്റുകൾ സുപ്രീം കോടതിയെ സമീപിച്ചിട്ടുണ്ടോ; എത്ര ലക്ഷം രൂപ ഫീസ് ഈടാക്കുവാൻ അനുവദിക്കണമെന്നാണ് പ്രസ്തുത മാനേജ്മെന്റുകൾ ആവശ്യപ്പെട്ടിട്ടുള്ളത്; | (ഡി) | ഉണ്ട്. വിശദാംശങ്ങൾ ലഭ്യമല്ല. |
| (ഇ) | സർക്കാരുമായി നടത്തിയ ആദ്യഘട്ട ചർച്ചയിൽ മുൻവർഷത്തെ ഫീസ് നടപ്പിലാക്കുന്നതിൽ വിയോജിപ്പ് പ്രകടിപ്പിച്ച സ്വാശ്രയ മാനേജ്മെന്റുകൾ രാജേന്ദ്രബാബു കമ്മിറ്റി ഏകീകൃത ഫീസ് നിശ്ചയിച്ച ശേഷം മുൻവർഷത്തെ ഫീസ് ഈടാക്കിക്കൊണ്ട് അഡ്മിഷന് തയ്യാറായത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഇ) | മുൻ വർഷത്തെ ഫീസ് ഘടന നിലനിർത്തി കരാർ ഒപ്പിടുന്നതിന് സ്വാശ്രയ മാനേജ്മെന്റുകൾക്ക് സർക്കാർ അവസരം നൽകിയിരുന്നു. |

**സെക്ഷൻ ഓഫീസർ**